ചേരാമംഗലം പദ്ധതിയുടെ കനാൽ നിർമ്മാണം

79 [1797] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ഡാമിലെ വെള്ളം ജലസേചനാവശ്യത്തിന് നേരിട്ട് ചേരാമംഗലം പദ്ധതിയിലേക്ക് എത്തിക്കുന്നതിന് ആർ.എസ്.വി.വൈ. പദ്ധതിയിൽപ്പെടുത്തി കനാൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിരുന്നുവോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലമ്പുഴ ഡാമിലെ വെള്ളം ജലസേചനാവശ്യത്തിന് നേരിട്ട് ചേരാമംഗലം പദ്ധതിയിലേക്ക് എത്തിക്കുന്നതിന് ആർ.എസ്.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല.

(ബി)—(ഡി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ജില്ലയിലെ മംഗലം അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിനുള്ള പദ്ധതി

80 [1798] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ മംഗലം അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഉയരം എത്ര വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഉയരം വർദ്ധിപ്പിച്ചാൽ ലഭിക്കുന്ന ഗുണഫലങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത അണക്കെട്ടിന്റെ ഉയരം വർദ്ധിപ്പിച്ചാൽ മുങ്ങിപ്പോകുന്ന കൃഷിയിടങ്ങളുടെ കണക്ക് പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) മുങ്ങിപ്പോകാനിടയുള്ള കൃഷിയിടങ്ങളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നല്കുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ടോ ;

(ജി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ)—(ജി) മംഗലം ഡാമിന്റെ ഉയരം 3 മീറ്റർ കൂട്ടുന്നതിനുവേണ്ടി 1987-ൽ പ്രാഥമിക നടപടികൾ ആരംഭിച്ചിരുന്നതാണ്. എന്നാൽ ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് ഇത് സംബന്ധിച്ച നടപടികൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്.

2003 ഫെബ്രുവരിയിൽ മംഗലം ഡാമിന്റെ കെട്ട് ഉയർത്തി സംഭരണശേഷി വർദ്ധിപ്പിച്ച് കൃഷിക്ക് കൂടുതൽ വെള്ളം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് നിന്നുള്ള ഒരു കർഷക സംഘടന സർക്കാരിന് നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനം സർക്കാർ പരിശോധിക്കുകയും കൃഷിക്കായി കൂടുതൽ വെള്ളം ലഭ്യമാക്കണമെങ്കിൽ ഡാമിന്റെ ഉയരം കൂട്ടണമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ ഉയരം കൂട്ടൽ സാങ്കേതികമായി സാധ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നല്കാൻ പദ്ധതി-1, ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റ് വിശദാംശങ്ങളൊന്നും സർക്കാർ പരിശോധിച്ചിട്ടില്ല.

വരാപ്പുഴ-കടമക്കുടി റോഡിലെ പുതുശ്ശേരി തോട്ടിലെ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനഃനിർമ്മാണം

81 [1799] ഡോ. എം. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വരാപ്പുഴ-കടമക്കുടി റോഡിലെ പുതുശ്ശേരി തോട്ടിലെ തകർന്നു പോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനഃനിർമ്മിക്കുവാൻ ജലവിഭവ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്ര ;

(സി) ഈ പണി ടെണ്ടർ ചെയ്യുന്നതിനാവശ്യമായ 20% തുക 2004-05, 2005-06 വർഷങ്ങളിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത തുക വകയിരുത്തുന്നതിനുള്ള പ്രത്യേക അനുമതി നേടിയെടുക്കുന്നതിന് ജലവിഭവ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) അടിയന്തിര സ്വഭാവമുള്ള ജോലിയെന്ന നിലയിൽ 2005 മാർച്ച് മാസത്തിൽ തന്നെ പ്രസ്തുത പണി ടെണ്ടർ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly